അഴിമതിതടയാൻ പ്രത്യേക സംവിധാനം

28 (*88) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പി.ഡബ്ല്യൂ.ഡി. തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെ വെട്ടിപ്പ് തടയുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(സി) ചെയ്യാത്ത പണികൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കുകയും ബിൽ പാസ്സാക്കുകയും ചെയ്യുന്നു എന്ന ആക്ഷേപം സർക്കാർ പരിശോധിക്കുമോ ;

(ഡി) പൊതുമരാമത്ത് പണികളെ സംബന്ധിച്ച് വ്യക്തികളും സംഘടനകളും നൽകുന്ന പരാതികൾ പരിശോധിച്ച് നടപടിയെടുക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ-സി) ഉണ്ട്.

1. ക്വാളിറ്റി കൺട്രോൾ/പരിശോധനാ വിഭാഗം

പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രയോജനപ്രദമല്ല. വകുപ്പിന് സ്വന്തമായി ഒരു പരിശോധനാ വിഭാഗവും ഇല്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലുള്ള വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും കഴിയുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളുടെയും സഹകരണത്തോടെ പൊതുമരാമത്ത് വകുപ്പിൽ ഒരു ക്വാളിറ്റി കൺട്രോൾ/പരിശോധനാവിഭാഗം ആരംഭിക്കുന്നതാണ്. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ ഇതിനാവശ്യമായ ലാബുകൾ സജ്ജീകരിച്ച് കുട്ടികളുടെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ക്വാളിറ്റി കൺട്രോൾ/പരിശോധനാവിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.)

കെ.എച്ച്.ആർ.ഐ.-യെ ഉന്നതനിലവാരമുള്ള റിസർച്ച് വിംഗായി ഉയർത്തും. ഡി.ആർ.ഐ.ക്യു. (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ), ആർക്കിടെക്ചറൽ വിംഗ് എന്നിവയെ കെ.എച്ച്.ആർ.ഐ.-യുടെ കീഴിൽക്കൊണ്ടുവരുന്നതാണ്. ഡി.ആർ.ഐ.ക്യു.-വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

3. വിജിലൻസ് വിംഗ്

പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

4. ഇ-ടെണ്ടറും-ഇ-പേമെന്റും

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പ് വരുത്തുന്നതിന് ഇ-ടെണ്ടറും, ഇ-പേമെന്റും നടപ്പിലാക്കും.

5. പൊതുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) ഇതിനാവശ്യമായ സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. ടോൾ ഫ്രീ കാൾ സെന്റർ പ്രവർത്തനം സജീവമാണ്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി ആരോഗ്യ-സാമൂഹ്യ സുരക്ഷാ പദ്ധതി

29 (*89) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എൻഡോസൾഫാൻ ബാധമൂലം മരിച്ചവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച ആരോഗ്യ-സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഡി) രോഗബാധിതരായ എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly